**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **08-08-2023 - ൽ മറുപടിയ്ക്ക്**

**യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നൂതനവിദ്യാ പ്രോത്സാഹനത്തിന്റെ ഭാഗമായി രൂപീകരിച്ച യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിൽ നാളിതുവരെ എത്ര ടീമുകൾ ഭാഗമായി എന്ന് വ്യക്തമാക്കുമോ; | (എ) | യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ (YIP) നാളിതുവരെ 2,79,055 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും 31,591 ടീമുകൾ ആശയങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018 ൽ ആരംഭിച്ച ആദ്യ പതിപ്പിൽ വ്യക്തിഗത ആശയ സമർപ്പണം ആയിരുന്നെങ്കിൽ YIP 2019 മുതൽ ടീമുകളായാണ് വിദ്യാർത്ഥികൾ ആശയങ്ങൾ സമർപ്പിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പ്രോഗ്രാമിലേക്ക് ടീമുകളെ തിരഞ്ഞെടുക്കുന്നതിന് ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ, എങ്കിൽ ആയതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി ടീമുകളെ തെരഞ്ഞെടുക്കാൻ എല്ലാകൊല്ലവും നടത്തുന്ന ചലഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പ്രോഗ്രാമിൽ അവതരിപ്പിക്കുന്ന നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ? | (സി) | സംസ്ഥാനതലത്തിൽ വിജയികളാകുന്ന YIP ടീമുകൾക്ക് നോർമൽ ഇന്നൊവേഷൻ ട്രാക്ക്, ആക്സിലറേറ്റഡ് ഇന്നൊവേഷൻ ട്രാക്ക് എന്നീ രണ്ട് ട്രാക്കുകളിലൂടെ പ്രോജക്ടുകൾ പൂർത്തിയാക്കാൻ വേണ്ട സാമ്പത്തിക സഹായവും മെന്റർ പിന്തുണയും നൽകുന്നു. അതേത്തുടർന്ന് കെ-ഡിസ്കിന്റെ പങ്കാളി സ്ഥാപനമായ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് (എഫ് എഫ് എസ്) എന്ന ഇൻക്യുബേഷൻ പരിപാടിയിലേക്ക് എടുക്കുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രോജക്ടുകളുടെ പേറ്റന്റ് പരിശോധന നടത്തുന്നു. YIP യിലൂടെ ഉരുവായി വരുന്ന ഉൽപ്പന്നങ്ങളുടെ വാണിജ്യ സാധ്യതകളും ഇതോടൊപ്പം പരിശോധിക്കുന്നു. ഇത്തരത്തിൽ വാണിജ്യ സാധ്യതകളുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വിവിധ സർക്കാർ വകുപ്പുകളിലൂടെ തുടർസാധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി നടത്തുന്ന ചലഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ**

| ജില്ല | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|
| ആലപ്പുഴ | 40 | 347 | 567 | 4540 | 4810 |
| എറണാകുളം | 165 | 476 | 1084 | 7445 | 12696 |
| ഇടുക്കി | 101 | 187 | 228 | 1743 | 4375 |
| കണ്ണൂർ | 81 | 349 | 637 | 5060 | 8573 |
| കാസറഗോഡ് | 41 | 78 | 366 | 3342 | 3289 |
| കൊല്ലം | 62 | 272 | 686 | 6198 | 10178 |
| കോട്ടയം | 84 | 306 | 2136 | 12203 | 14828 |
| കോഴിക്കോട് | 144 | 322 | 898 | 5421 | 9410 |
| മലപ്പുറം | 112 | 140 | 352 | 3533 | 12819 |
| പാലക്കാട് | 63 | 224 | 971 | 8801 | 9616 |
| പത്തനംതിട്ട | 21 | 30 | 489 | 3902 | 7482 |
| തിരുവനന്തപുരം | 124 | 577 | 1949 | 20132 | 41013 |
| തൃശ്ശൂർ | 123 | 575 | 1609 | 8869 | 16436 |
| വയനാട് | 43 | 67 | 254 | 3465 | 3440 |
| സംസ്ഥാനത്തിന് പുറത്ത് നിന്നുള്ളവ | 116 | -- | 6 | 7855 | 79 |